# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER | 27 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

**ശബരിമലയിൽ മികച്ച സേവനം നൽകി കെഎസ്ഇബി**

മണ്ഡല മകരവിളക്ക് തീർഥാടന കാലത്ത് നിലയ്ക്കലും പമ്പയിലും ശബരിമല സന്നിധാനത്തും 24 മണിക്കൂറും മുടക്കമില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നത് കെഎസ്ഇബിയാണ്. പമ്പ മുതൽ സന്നിധാനം വരെ വഴി വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. മണ്ഡല -മകരവിളക്ക് കാലത്ത് പ്രവർത്തിക്കുന്ന താൽക്കാലിക കടകൾക്ക് വൈദുതി ലഭ്യമാക്കിയിട്ടുണ്ട്. ശബരിമലയിൽ പ്രവർത്തിക്കുന്ന വിവിധ വകുപ്പുകൾക്കും സേവനം നൽകുന്നുണ്ടെന്ന് സന്നിധാനം കെഎസ്ഇബി ഓഫീസ് അസിസ്റ്റൻഡ് എൻജിനീയർ ബിനുകുമാർ പറഞ്ഞു.

പമ്പ - ത്രിവേണി സബ് സ്റ്റേഷനിൽ നിന്നും ഏരിയൽ ബഞ്ചഡ് കേബിൾ വഴിയാണ് വൈദുതി സന്നിധാനം സെക്ഷൻ ഓഫീസിൽ എത്തിക്കുന്നത്. സാധാരണ സമയങ്ങളിൽ രണ്ട് ലൈൻമാൻ മാത്രമുള്ള ഇവിടെ മണ്ഡലകാലം ആരംഭിക്കുന്നതോടെ ജീവനക്കാരുടെ എണ്ണം കൂട്ടും. ഈ വർഷം കോവിഡ് മാനദണ്ഡനങ്ങൾ പാലിച്ചുകൊണ്ട് 18 ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഓരോ ആഴ്ചയും ഇവരെ മാറ്റിക്കൊണ്ടിരിക്കും. സന്നിധാനത്തെ കെഎസ്ഇബി ഓഫീസ് അസിസ്റ്റൻഡ് എൻജിനീയറുടെയും പമ്പ-ത്രിവേണിയിലെ ഓഫീസ് സബ് എൻജിനിയറുടെയും നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. സന്നിധാനം, മരക്കൂട്ടം, പാണ്ടിത്താവളം, നീലിമല, അപ്പാച്ചിമേട്, മാളികപ്പുറം എന്നിവിടങ്ങളിൽ

മുഴുവൻ സമയവും കെഎസ്ഇബി ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കുന്നുണ്ട്.

*(പി.ആർ. ശബരി-52)*

***ഫോട്ടോ അടിക്കുറിപ്പ്- കെഎസ്ഇബി സന്നിധാനം-***
ശബരിമല സന്നിധാനത്തെ കെഎസ്ഇബി ഓഫീസ്.

***ഫോട്ടോ അടിക്കുറിപ്പ്- സന്നിധാനം-***
ശബരിമല സന്നിധാനം വൈദ്യുത പ്രഭയിൽ.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**

| നവംബർ NOVEMBER | 27 | 2020 |
|---|---|---|



**ശബരിമല പത്രക്കുറിപ്പ്-2**

ഫോൺ : 04735-202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

***ശബരിമലയിലെ നാളത്തെ (28.11.20) ചടങ്ങുകൾ...***

5 മണിക്ക്.... നട തുറക്കൽ
5.05 ന്..... അഭിഷേകം
5.30 ന് ...ഗണപതി ഹോമം
7 മണി മുതൽ 11 മണി വരെ നെയ്യഭിഷേകം
7.30 ന് ഉഷപൂജ
8 മണി മുതൽ ഉദയാസ്തമന പൂജ
11.30 ന് 25 കലശാഭിഷേകം
തുടർന്ന് കളഭാഭിഷേകം
12 ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കൽ
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ....ദീപാരാധന
7 മണിക്ക് .....പടിപൂജ
8.30 മണിക്ക് ....അത്താഴപൂജ
8.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 9 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

*(പി.ആർ. ശബരി-53)*

**കോവിഡ് പ്രതിരോധം: ശബരിമലയിൽ തെർമൽ സ്കാൻ സംവിധാനം ഏർപ്പെടുത്തി**

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ശബരിമല സന്നിധാനത്ത് എത്തുന്ന ഭക്തരുടെയും സേവനം അനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരുടെയും തൊഴിലാളികളുടെയും സുരക്ഷയെ മുൻനിർത്തി തിരുവിതാംകൂർ ദേവസ്വം ബോർഡ് തെർമൽ സ്കാൻ സംവിധാനം ഏർപ്പെടുത്തി. തെർമൽ സ്കാനിൽ ഒരാളുടെ താപനില കൂടുതലായി രേഖപ്പെടുത്തിയാൽ ഉടൻതന്നെ ആശുപത്രിയിൽ നിരീക്ഷണത്തിനു വിധേയരാവണം.
വലിയ നടപ്പന്തൽ, സന്നിധാനം, ഉദ്യോഗസ്ഥർക്ക് പ്രവേശനം അനുവദിച്ചിരിക്കുന്ന ഗേറ്റ്, പോലീസ് മെസ്, ദേവസ്വം മെസ് തുടങ്ങിയ സ്ഥലങ്ങളിൽ തെർമൽ സ്കാൻ സംവിധാനം ഒരുക്കിയിട്ടുണ്ട്. ഭക്തരുമായി കൂടുതൽ സമ്പർക്കം വരാൻ സാധ്യതയുള്ള സ്ഥലങ്ങളായ പതിനെട്ടാം പടി, വഴിപാട് കൗണ്ടറുകൾ, സന്നിധാനം എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർക്ക് കോവിഡ് പ്രതിരോധത്തിന് വേണ്ടിയുള്ള എല്ലാ സുരക്ഷാ ഉപകരണങ്ങളും നൽകിയിട്ടുണ്ടെന്നും എല്ലാ ഭക്തരും ഉദ്യോഗസ്ഥരും കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്നും ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ വി.എസ്. രാജേന്ദ്രപ്രസാദ് പറഞ്ഞു.

***(പി.ആർ. ശബരി-54)***

***ഫോട്ടോ അടിക്കുറിപ്പ്- തെർമൽ സ്കാനർ-***

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ശബരിമല സന്നിധാനത്ത് തെർമൽ സ്കാൻ പരിശോധന നടത്തുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.